# രണ്ട് കിലോ കഞ്ചാവുമായി യുവാക്കൾ അറസ്റ്റിൽ

പാലക്കാട്: രണ്ട് കിലോഗ്രാം കഞ്ചാവുമായി രണ്ട് ഷൊർണൂർ സ്വദേശികളെ ഡാൻസാഫ് സ്ക്വാഡും കസബ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിൽ പിടികൂടി. ഷൊർണൂർ നെടുങ്ങോട്ടൂർ സ്വദേശി ശെന്തിൽകുമാർ (21), മുണ്ടായ സ്വദേശി വിപിൻ (21) എന്നിവരാണ് അറസ്റ്റിലായത്. കഴിഞ്ഞദിവസം രാത്രി പുതുശ്ശേരി നാഷണൽ ഹൈവേയിൽ ഐ.ടി.ഐയ്ക്കു സമീപത്തുനിന്നാണ് ഇവർ പിടിയിലായത്.

പിടിച്ചെടുത്ത കഞ്ചാവിന് രണ്ടുലക്ഷം രൂപ വില വരും. ഷൊർണൂർ ഭാഗത്തുള്ള ചെറുകിട കച്ചവടക്കാരന് കൈമാറാൻ കൊണ്ടുവന്നതാണെന്ന് പ്രതികൾ പറഞ്ഞു. കസബ സബ് ഇൻസ്പെക്ടർ ചിത്തരഞ്ജൻ, ജി.ബി. ശ്യാംകുമാർ, സി.പി.ഒമാരായ മുവാദ്, മുരുകൻ, ഹോംഗാർഡ് മോഹൻദാസ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ടി.ആർ. സുനിൽ കുമാർ, റഹിം മുത്തു, സൂരജ് ബാബു, കെ. അഹമ്മദ് കബീർ, ദിലീപ്, ആർ. രാജീദ് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.